# തകർക്കപ്പെട്ട പള്ളികൾക്ക് നഷ്ടപരിഹാരം നൽകാത്തതെന്ത്?

**2002ലെ** ഗുജറാത്ത് കലാപത്തിൽ തകർക്കപ്പെട്ട മുസ്‌ലിം പള്ളികൾക്ക് നഷ്ടപരിഹാരം നൽകുമെന്ന മുൻ നിലപാടിൽ മാറ്റം വരുത്തിയതെന്തുകൊണ്ട് എന്ന് ഗുജറാത്ത് ഹൈക്കോടതി സംസ്ഥാന സർക്കാറിനോട് വിശദീകരണം ചോദിച്ചു. ജ.ഇ ഗുജറാത്ത് ഘടകത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഇസ്‌ലാമിക് റിലീഫ് കമ്മിറ്റി നൽകിയ പൊതുതാൽപര്യ ഹർജിയിൽ വാദം കേൾക്കവെയാണ് ചീഫ് ജസ്റ്റിസ് എസ്.ജെ മുഖോപാധ്യായും ജസ്റ്റിസ് അനന്ത് ദാവെയും ചേർന്ന് ഇങ്ങനെ ചോദിച്ചത്.

തകർക്കപ്പെട്ട പള്ളികൾക്ക് നഷ്ടപരിഹാരം നൽകണമെന്ന് നിർദേശിച്ച ദേശീയ മനുഷ്യാവകാശ കമീഷൻ റിപ്പോർട്ട് (2003) നേരത്തെ ഗുജറാത്ത് സർക്കാർ അംഗീകരിച്ചിരുന്നു. എന്നാൽ നയപരമായ തീരുമാനത്തിന്റെ പേരു പറഞ്ഞ് ഇതിൽനിന്ന് സർക്കാർ പിൻമാറുകയാണ് ചെയ്തത്. കലാപത്തിൽ 535 പള്ളികൾ തകർക്കപ്പെടുകയോ ഭാഗികമായി നശിപ്പിക്കപ്പെടുകയോ ചെയ്തിരുന്നു.

# ജാമിഅത്തുൽ ഫലാഹിൽ ദേശീയ വിദ്യാഭ്യാസ സെമിനാർ

**അഅ്സംഗഢിലെ** പ്രശസ്ത ഇസ്‌ലാമിക കലാലയമായ ജാമിഅത്തുൽ ഫലാഹിൽ ദ്വിദിന ദേശീയ വിദ്യാഭ്യാസ സെമിനാർ സംഘടിപ്പിച്ചു. 'വിദ്യാഭ്യാസത്തിന്റെ ഇസ്‌ലാമിക പരിപ്രേക്ഷ്യവും പുതിയ തേട്ടങ്ങളും' എന്ന വിഷയത്തിൽ നടന്ന സെമിനാർ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമീഷൻ ചെയർമാൻ ജസ്റ്റിസ് എം.എസ്.എ സിദ്ദീഖി ഉദ്ഘാടനം ചെയ്തു. സമൂഹങ്ങളുടെ ഉത്ഥാന-പതനങ്ങൾക്ക് നിദാനമാകുന്ന പ്രധാന ഘടകം വിദ്യാഭ്യാസമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ ഇസ്‌ലാമിക് സ്റ്റഡീസ് വിഭാഗം തലവൻ പ്രഫ. അഖ്തറുൽ വാസി മത-ഭൗതിക വിഷയങ്ങളിലെ വിഭജനം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. സർക്കാർ സ്കീമുകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം ഉണർത്തി.

*ജാമിഅ* നാസിം മൗലാനാ മുഹമ്മദ് ത്വാഹിർ മദനി, ഡോ. ഉബൈദുല്ല ഫലാഹി, ഡോ. ഇഹ്സാനുള്ള ഫഹദ്, ഡോ. സിയാഉദ്ദീൻ മലിക് ഫലാഹി, ഡോ. നിസാമുദ്ദീൻ ഫലാഹി, മൗലാനാ മഖ്ബൂൽ ഫലാഹി, ഡോ. അർഷദ് ഫലാഹി, ആസിയ ഫലാഹി, സാജിദ ഫലാഹി, നൂറുസ്സബ ഫലാഹി തുടങ്ങിയവരും സംസാരിച്ചു.

## വഖ്ഫ് ബോർഡുകൾക്ക് ഇ-മാനേജ്മെന്റ് പരിശീലനം

**വഖ്ഫ്** സ്വത്തുക്കളുടെ മാനേജ്മെന്റ് സംവിധാനം കമ്പ്യൂട്ടർ/ഇന്റർനെറ്റ്വൽക്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം സംസ്ഥാന വഖ്ഫ് ബോർഡ് ഉദ്യോഗസ്ഥർക്കുവേണ്ടി ഭോപ്പാലിൽ ത്രിദിന ശിൽപശാല സംഘടിപ്പിച്ചു. ഡിജിറ്റൽ അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്, ബജറ്റിംഗ് എന്നീ മേഖലകളിലായിരുന്നു പരിശീലനം. 17 വഖ്ഫ് ബോർഡുകളിൽ നിന്നായി 27 ഉദ്യോഗസ്ഥർ പങ്കെടുത്തു.

വഖ്ഫ് സ്വത്തുക്കളുടെ രേഖകൾ കമ്പ്യൂട്ടർവൽകരിക്കുന്ന പദ്ധതി 2009 ഡിസംബറിലാണ് മന്ത്രി സൽമാൻ ഖുർഷിദ് ഉദ്ഘാടനം ചെയ്തത്. രാജ്യത്ത് 29 വഖ്ഫ് ബോർഡുകളിലായി 3.5 ലക്ഷം വഖ്ഫ് സ്വത്തുക്കളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്.

## അഹ്ലെ ഹദീസ് നേതാക്കൾ ആഭ്യന്തര മന്ത്രിയെ സന്ദർശിച്ചു

**അഹ്ലെ** ഹദീസ് നേതാക്കൾ വിദ്വേഷം പരത്തുന്നു എന്ന ബറേൽവി വിഭാഗത്തിന്റെ പരാതിയെക്കുറിച്ച് വിശദീകരണം നൽകുന്നതിനായി അഹ്ലെ ഹദിസ് സംസ്ഥാന നേതാക്കൾ മഹാരാഷ്ട്ര ആഭ്യന്തരമന്ത്രി ആർ.ആർ പാട്ടീലിനെ സന്ദർശിച്ചു. തങ്ങൾ വിശ്വസിക്കുന്നതും പ്രചരിപ്പിക്കുന്നതും നന്മയും മൂല്യങ്ങളുമാണെന്ന് സംഘം മന്ത്രിയെ ധരിപ്പിച്ചു.

ജനുവരി 28-ന് മുംബൈയിൽ ഘാട്കോപ്പറിൽ നടന്ന പൊതുയോഗത്തിൽ അഹ്ലെ ഹദീസ് നേതാവ് മൗലാനാ മിഅ്റാജ് റബ്ബാനി ബറേൽവികൾക്കെതിരെ മോശമായി പ്രസംഗിച്ചു എന്ന് കാണിച്ചു ബറേൽവിവിഭാഗം കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. അതിനെ തുടർന്ന് ഇരു വിഭാഗവും ആരോപണ-പ്രത്യാരോപണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

പക്ഷപാതമില്ലാതെ അന്വേഷണം നടത്താമെന്നേറ്റ മന്ത്രി ഇരു വിഭാഗവും സംയമനം പാലിക്കണമെന്നും പരസ്പരം അഭിമാനം ക്ഷതപ്പെടുത്തരുതെന്നും കോടതി വിധി വരെ കാത്തിരിക്കണമെന്നും അഭ്യർഥിച്ചു. അഹ്ലെ ഹദീസ് ദേശീയ-സംസ്ഥാന നേതാക്കളാണ് സംഘത്തിലുണ്ടായിരുന്നത്.

## പട്നയിൽ രക്തദാന ക്യാമ്പ്

ജമാഅത്തെ ഇസ്ലാമി പട്ന ഘടകത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന അൽശിഫ ബ്ലഡ് ഡൊണേഴ്സ് ക്ലബ് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. പട്നയിലെ ഡോ. ആരിഫ് അബ്ദുല്ല നഴ്സിംഗ് ഹോമിൽ നടന്ന ക്യാമ്പിൽ സ്ത്രീകളടക്കം 34 പേർ രക്തം ദാനം ചെയ്തു. 2005ൽ രൂപവത്കരിച്ച ക്ലബ് തുടർച്ചയായി നടത്തുന്ന എട്ടാമത്തെ ക്യാമ്പാണ് ഇത്.

## മദ്റസാ അധ്യാപകർക്ക് ദശദിന ശിൽപശാല

**മൗലാനാ** ആസാദ് നാഷ്നൽ ഉർദു സർവകലാശാലയുടെ ആഭിമുഖ്യത്തിൽ മദ്റസാ അധ്യാപകർക്കുള്ള ദശദിന ശിൽപശാല ഹൈദരാബാദിൽ നടന്നു. മഹാരാഷ്ട്ര, ഗുജറാത്ത്, ആന്ധ്രപ്രദേശ്, മധ്യപ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ നിന്നായി 50ലധികം അധ്യാപകർ പങ്കെടുത്തു. സർവകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ പ്രഫഷനൽ ഡവലപ്മെന്റ് ഓഫ് ഉർദുമീഡിയം ടീച്ചേഴ്സ് ആണ് ശിൽപശാല സംഘടിപ്പിച്ചത്.

**അബ്ബാദ്**